**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3720** **27-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ ഡ്രൈവർ കം കണ്ടക്ടർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസിൽ ഡ്രൈവർ കം കണ്ടക്ടർ തസ്തികയിൽ നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്ര തസ്തികളിലാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നതെന്നും നിയമന യോഗ്യത എന്താണെന്നും അറിയിക്കാമോ? | (എ) | നിലവിൽ ഡ്രൈവർ കം കണ്ടക്ടർ തസ്തികയിൽ താത്കാലിക ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖാന്തരം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30.06.2024 ആണ്. നിയമന യോഗ്യത ചുവടെ ചേർക്കുന്നു.<br><br>1. ഉദ്യോഗാർത്ഥി MV Act 1988 പ്രകാരമുള്ള ഹെവി ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കിയിരിക്കണം.<br>തെരഞ്ഞെടുക്കപ്പെട്ടാൽ മോട്ടോർ വാഹന വകുപ്പിൽ നിന്നും നിശ്ചിത സമയത്തിനുള്ളിൽ കണ്ടക്ടർ ലൈസൻസ് കരസ്ഥമാക്കുകയും വേണം.<br>2. അംഗീകൃത ബോർഡ് / സ്ഥാപനത്തിൽ നിന്ന് 10-ാംക്ലാസ് പാസ്സായിരിക്കണം.<br>3. മുപ്പതിൽ (30) അധികം സീറ്റുകളുള്ള ഹെവി പാസഞ്ചർ വാഹനങ്ങളിൽ അഞ്ച് (5) വർഷത്തിൽ കുറയാതെ ഡ്രൈവിങ്ങിലുള്ള പ്രവർത്തി പരിചയം.<br>4. പ്രായം: അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയിൽ 24 മുതൽ 55 വയസ്സ് വരെ.<br><br>പ്രതീക്ഷിക്കുന്ന ഒഴിവുകൾ 250 എണ്ണം. |

സെക്ഷൻ ഓഫീസർ